പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2689 13.03.2020-ൽ മറുപടിക്ക്

## പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം ഓഫീസുകളിലെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര ഓഫീസുകളാണുള്ളത്; വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിന് കണ്ണൂർ ജില്ലയിൽ 4 ഓഫീസുകളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഇലക്ട്രിക്കൽ ഡിവിഷൻ, കണ്ണൂർ<br>2. ഇലക്ട്രിക്കൽ സബ് ഡിവിഷൻ, തലശ്ശേരി<br>3. ഇലക്ട്രിക്കൽ സെക്ഷൻ, കണ്ണൂർ<br>4. ഇലക്ട്രിക്കൽ സെക്ഷൻ, തളിപറമ്പ്; |
| (ബി) പ്രസ്തുത ഓഫീസുകളിൽ ഏതൊക്കെ തസ്തികകളിലാണ് നിലവിൽ ഒഴിവുകളുള്ളത്; | (ബി) | പ്രസ്തുത ഓഫീസുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാംതരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ, ക്ലാർക്ക്/സീനിയർ ക്ലാർക്ക് എന്നീ തസ്തികകളിൽ ഒഴിവുണ്ട്. |
| (സി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | പി.എസ്.സി വഴി നിയമനം നൽകേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശുപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്. സ്ഥാനക്കയറ്റം വഴിയും സ്ഥലംമാറ്റം വഴിയും നികത്തേണ്ട ഒഴിവുകളിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ